പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1168 08/02/2013 - ൽ മറുപടിയ്ക്ക്

<u>എസ്.എസ്.എൽ.സി. വിദ്യാർത്ഥികൾക്ക്</u>
<u>അഭിരുചി പരീക്ഷ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. റ്റി.വി. രാജേഷ് | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) ഈ വർഷം പത്താം ക്ലാസ് പരീക്ഷ എഴുതുന്ന എല്ലാ വിദ്യാർത്ഥികൾക്കും അഭിരുചി പരീക്ഷ നടത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; | (എ) ഈ വർഷം മുതൽ പത്താം ക്ലാസ് പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്കായി നടത്തുന്ന അഭിരുചി പരീക്ഷ ഒരു നിർബന്ധിത പരീക്ഷ അല്ല. എന്നാൽ താല്പര്യമുള്ള എല്ലാ പത്താം ക്ലാസ് വിദ്യാർത്ഥികൾക്കും ഈ അഭിരുചി പരീക്ഷയിൽ പങ്കെടുക്കുന്നതിനുള്ള അവസരം ഒരുക്കിയിട്ടുണ്ട്. പരമാവധി വിദ്യാർത്ഥികൾ ഇത് പ്രയോജനപ്പെടുത്തണം എന്നാണ് ഉദ്ദേശം. |
| (ബി) എങ്കിൽ ഇത് സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് എടുത്തിട്ടുള്ളത്; വിശദാംശം നല്കുമോ? | (ബി) എസ്.ഐ.ഇ.റ്റി. വെബ് പോർട്ടലായ www.sietkerala.gov.in ൽ അഭിരുചി പരീക്ഷയ്ക്ക് ഉള്ള ഓൺലൈൻ സംവിധാനം ഒരുക്കിയിട്ടുണ്ട്. ഈ പരീക്ഷയെ സംബന്ധിച്ച |

അറിയിപ്പ് സംസ്ഥാനത്തെ എല്ലാ ഹൈസ്കൂളുകൾക്കും നല്കി. താല്പര്യമുള്ള വിദ്യാർത്ഥികൾക്ക് അഭിരുചി പരീക്ഷയ്ക്ക് ഫെബ്രുവരി 22 വരെ രജിസ്റ്റർ ചെയ്യാവുന്നതാണ്. പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുന്ന വിദ്യർത്ഥികൾക്ക് യൂസർ നെയിമും പാസ് വേർഡും നല്കിവരുന്നു. ഈ യൂസർ നെയിമും പാസ് വേർഡും ഉപയോഗിച്ച് 2013 മെയ് 30 വരെ വിദ്യാർത്ഥികൾക്ക് അഭിരുചി പരീക്ഷയിൽ പങ്കെടുക്കാം. അഭിരുചി പരീക്ഷയിൽ പങ്കെടുക്കുന്ന വിദ്യാർത്ഥിക്ക് 5 ദിവസത്തിനകം വിശദമായ റിപ്പോർട്ട് നല്കുന്നതിനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്.

Sreedevi
സെക്ഷൻ ഓഫീസർ

2